(സി) വെള്ളക്കെട്ട് ഒഴിവാക്കുന്ന വിധത്തിൽ, റോഡ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പ്രത്യേക നിർദ്ദേശങ്ങൾ നിലവിലുണ്ടോയെന്നറിയിക്കാമോ?

പ്രത്യേക നിർദ്ദേശങ്ങളില്ല.

(ഡി) നിലവിലെ റോഡ് ലെവലും വിഭാവനം ചെയ്യുന്ന റോഡ് ലെവലും ആസ്പദമാക്കിയാണോ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലെ റോഡ് ലെവലും വിഭാവനം ചെയ്യുന്ന റോഡ് ലെവലും ആസ്പദമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

(ഇ) ഡ്രെയിനേജ്, കൾവെർട്ട് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

പ്രത്യേക നിർദ്ദേശങ്ങളില്ല.

**മാനന്തവാടി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

63(673) <u>ശ്രീ ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം മാനന്തവാടി നിയോജകമണ്ഡലത്തിൽ ആകെ എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്കുയർത്തിയത്?

78.71 കി.മി.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആകെ എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളത്?

290.16 കി.മി.

(സി) പാടേ തകർന്ന് ഗതാഗതയോഗ്യമല്ലാത്ത ഏതെങ്കിലും പൊതുമരാമത്ത് വകുപ്പ് റോഡുകൾ നിയോജകമണ്ഡലത്തിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly